മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560
ഫോൺ:0481–2733512

# വാർത്താക്കുറിപ്പ്

**2023 ജൂൺ 9**

---

## ഫിസിക്കൽ എജ്യുക്കേഷൻ ബിരുദ കോഴ്സുകൾക്ക് അപേക്ഷിക്കാം

മൂലമറ്റം സെന്റ് ജോസഫ് അക്കാദമി ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സിൽ നടത്തുന്ന ഫിസിക്കൽ എജ്യുക്കേഷൻ ബിരുദ കോഴ്സുകൾക്ക് എം.ജി. സർവകലാശാല അപേക്ഷ ക്ഷണിച്ചു. ബാച്ച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ്(ബി.പി.ഇ.എസ്), ബാച്ചലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ(ബി.പി.എഡ്) എന്നിവയാണ് കോഴ്സുകൾ.

എം.ജി. സർവകലാശാല അംഗീകരിച്ച പ്ലസ് ടൂ അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയവർക്ക് ബി.പി.ഇ.എസിന് അപേക്ഷിക്കാം. എം.ജി. സർവകലാശാല അംഗീകരിച്ച ഏതെങ്കിലും ബിരുദ കോഴ്സ് വിജയിച്ചവരെയാണ് ബി.പി.എഡ് കോഴ്സിലേക്ക് പരിഗണിക്കുന്നത്.

രണ്ടു കോഴ്സുകൾക്കും പ്രായപരിധിയില്ല. എഴുത്തു പരീക്ഷയുടെയും കായികക്ഷമതാ പരിശോധനയുടെയും അടിസ്ഥാനത്തിലും കായിക മേഖലയിലെ നേട്ടങ്ങൾ വിലയിരുത്തിയുമാണ് പ്രവേശനം നൽകുക.

അപേക്ഷാ ഫോറവും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയും സർവകലാശാലാ വെബ്സൈറ്റിൽനിന്ന്(ംംം.ാഴൗ.മര.ശി) ഡൗൺലോഡ് ചെയ്യാം. അപേക്ഷ ജൂൺ 15വരെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് ഡയറക്ടർക്ക് സമർപ്പിക്കാം. ഫോൺ –944700694

(പി.ആർ.ഒ/39/626/2023)

## പാർട്ട് ടൈം ശുചീകരണ ജോലി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ശുചീകരണ ജോലിക്ക് അപേക്ഷ ക്ഷണിച്ചു. രണ്ടു മണിക്കൂർ ജോലിക്ക് 150 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ മൂന്നു മാസത്തേക്കാണ് നിയമനം.

അപേക്ഷകർ സർവകലാശാലയുടെ എട്ടു കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരായിരിക്കണം. പ്രായം 21നും 60 നും മധ്യേ. പത്താം ക്ലാസിനു മുകളിൽ യോഗ്യതയുള്ളവർ അപേക്ഷിക്കേണ്ടതില്ല.

താല്പര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ഇലക്ഷൻ വോട്ടർ തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ ആധാർ കാർഡിൻറെ പകർപ്പ് സഹിതം ജൂൺ 26നകം അസിസ്റ്റൻറ് രജിസ്ട്രാർക്ക് 1 (ഭരണവിഭാഗം) നൽകണം.

(പി.ആർ.ഒ/39/628/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.ടി.എ, എം.എച്ച്.എം, എം.എം.എച്ച്, എം.ടി.ടി.എം(സി.എസ്.എസ് – 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ജൂൺ 12 മുതൽ 16 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂൺ 17 മുതൽ 19 വരെ പിഴയോടു കൂടിയും ജൂൺ 20ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിദ്യാർഥികൾ പരീക്ഷാഫീസിനൊപ്പം ഒരു പേപ്പറിന് 55 രൂപ നിരക്കിൽ(പരമാവധി 330 രൂപ) സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..................................

രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പ്രോഗ്രാമുകളുടെ വിവിധ പരീക്ഷകൾക്ക് ജൂൺ 15 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂൺ 16ന് പിഴയോടു കൂടിയും ജൂൺ 17ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/629/2023)

## പരീക്ഷാ തീയതി

ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ എം.എച്ച്.ആർ.എം(2007 മുതൽ 2017 വരെ അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷയുടെ 2008 അഡ്മിഷൻ ഒന്നാം സെമസ്റ്റർ പരീക്ഷ ജൂൺ 20നും 2009 അഡ്മിഷൻ ഒന്നാം സെമസ്റ്റർ പരീക്ഷ ജൂൺ 22നും നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.......................

നാലാം സെമസ്റ്റർ എം.ബി.എ(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ജൂലൈ മൂന്നിന് തുടങ്ങും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/630/2023)

## പ്രാക്ടിക്കൽ തീയതിയിൽ മാറ്റം

ജൂൺ 20 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി – ഫെബ്രുവരി 2023(സി.എസ്.എസ് – 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 22 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/631/2023)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്.സി ഹോംസയൻസ് – മാർച്ച് 2023(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021,2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 21 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................................

2023 മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ സി.ബി.സി.എസ് – ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3(2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019,2018,2017 അഡ്മിഷനുകൾ റീഅപ്പിയറൻസ്), കോംപ്ലിമെൻററി പ്രാക്ടിക്കൽ(മാത്തമാറ്റിക്സ് മോഡൽ 1, ഇക്കണോമിക്സ് മോഡൽ 2 ഫോറിൻ ട്രേഡ്) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 12 മുതൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ

........................................

നാലാം സെമസ്റ്റർ ബി.വോക് കളിനറി ആർട്സ് ആൻറ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് – മെയ് 2023(പുതിയ സ്കീം – 2022 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19 മുതൽ ആലുവ, സെൻറ് സേവ്യേഴ്സ് കോളജ് ഫോർ വിമനിൽ നടക്കും.

........................................

2023 ഫെബ്രുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് മോഡൽ 2 കമ്പ്യൂട്ടർ സയൻസ്(സി.ബി.സി.എസ് – 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീഅപ്പിയറൻസും, 2020,2019,2018,2017 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകളുടെ സോഫ്റ്റ്വെയർ ലാബ്–1 ഇൻട്രൊഡക്ഷൻ ടു വെബ് ടെക്നോളജീസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 15,16 തീയതികളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

…………………………………

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി – ഏപ്രിൽ 2023(സി.ബി.സി.എസ് – 2020 അഡ്മിഷൻ വിദ്യാർഥികൾക്കു മാത്രമായുള്ള സ്പെഷ്യൽ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 16ന് ഇടത്തല, അൽ–അമീൻ കോളജിൽ നടക്കും.

(പി.ആർ.ഒ/39/632/2023)

## പരീക്ഷാ ഫലം

എം.എസ്.സി സൈബർ ഫോറൻസിക് (പി.ജി.സി.എസ്.എസ് – സ്പെഷ്യൽ സപ്ലിമെൻററി) നാലാം സെമസ്റ്റർ – മാർച്ച് 2023, മൂന്നാം സെമസ്റ്റർ – ഡിസംബർ 2022 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 23 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.......................

2022 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ (റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ 23 വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

..............................

2023 ഫെബ്രുവരിയിൽ വിജ്ഞാപനം ചെയ്ത ഏഴാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ് (2010,2011,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ 22 വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/633/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**